**"ഭരണഭാഷ - മാതൃഭാഷ"**

NO TO DRUGS

നം:-DDEEKM/5379/2024-A1

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
എറണാകുളം.
തീയതി : 01-07-2024

**<u>സർക്കുലർ</u>**

വിഷയം:- പൊതുവിദ്യാഭ്യാസം- 2024-25 അദ്ധ്യയനവർഷത്തെ ഭാഷ/ഭാഷേതര ഹൈസ്കൂൾ അദ്ധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം -അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്

സൂചന :- 1. 1.സർക്കാർഉത്തരവ് നം എം എസ് 72/1982/പൊ. വി

*****

2024-25 അദ്ധ്യയന വർഷത്തെ ഹൈ സ്കൂൾ ഭാഷ/ഭാഷേതര അദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റതിനായി നിശ്ചിത യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷയുടെ മാതൃക ഇതിനോട് അനുബന്ധമായി ചേർത്തിരിക്കുന്നു.

2023-24 അദ്ധ്യയന വർഷത്തെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരും ഇപ്പോൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

സ്ഥാനക്കയറ്റത്തിനായി അപേക്ഷിക്കുന്ന തസ്തികയുടെ പേര് ചുവന്ന മഷിയിൽ അപേക്ഷയുടെ മുകളിലായി രേഖപ്പെടുത്തേണ്ടതാണ്. ബന്ധപെട്ട പ്രഥമാധ്യാപകൻ പൂരിപ്പിച്ച അപേക്ഷകൾ സർവീസ് ബുക്കുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തേണ്ടതാണ്. **അപേക്ഷയോടൊപ്പം നിയമന ഉത്തരവ്, PSC അഡ്വൈസ്, KTET യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ,എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്.** കൂടാതെ ഓരോ പ്രൊമോഷൻ തസ്തികയിലേക്കും ആവശ്യമായ KTET **യോഗ്യത** ഉണ്ടോ എന്ന് ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ /പ്രധാനാധ്യാപകർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ് .പൂരിപ്പിച്ച അപേക്ഷകൾ ബന്ധപെട്ട പ്രഥമാധ്യപകൻ /ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം തസ്തിക തിരിച്ച് 8/7-/2024 നകം ഈ ഓഫീസ്സിൽ എത്തിക്കേണ്ടതാണ്.

വിവിധ തസ്തികയിലെ സ്ഥാനക്കയറ്റത്തിനായി തയ്യാറാക്കുന്ന താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് 15-07-2024 നകം ഈ ഓഫീസ്സിൽ വിദ്യാഭ്യാസ ഉപ ഡയരക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ബന്ധപ്പെട്ട അദ്ധ്യാപകർ ടി സീനിയോരിറ്റി ലിസ്റ്റ് നിർബന്ധമായും പരിശോധിക്കുകയും പരാതിയുള്ള പക്ഷം 22-07-2024 നു മുൻപായി ഈ ഓഫീസിൽ രേഖാമൂലം പരാതി നൽകേണ്ടതുമാണ്. ലിസ്റ്റ് 31.07.2024 -ന് അന്തിമപ്പെടുത്തുന്നതാണ് .ആയതിനുശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വിദ്യാഭ്യാസ ഉപ ഡയറക്ടർ

Signed by
Honey G Alexander
Date: 01-07-2024 14:52:01

എറണാകുളം

സ്വീകർത്താവ്:

1. എല്ലാ ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും
2. എല്ലാ ഗവ സ്കൂൾ  പ്രധാനാധ്യാപകരും